അടിച്ചുതകർത്തു. കൊല്ലം കളക്ടറേറ്റും എം. എൻ. സ്മാരകവുമായി രണ്ടുകിലോമീറ്റർ ദൂരമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് എഴുതിക്കൊടുത്ത് ഇവിടെ വായിച്ചതിൽ കളക്ടറേറ്റിനു സമീപമാണ് എം. എൻ. സ്മാരകമെന്നാണ് പറഞ്ഞത്. കളക്ടറേറ്റിനു സമീപമല്ല. രണ്ടു കിലോമീറ്റർ ദൂരമുണ്ട്. ചിന്നക്കടയിലാണ് എം.എൻ. സ്മാരകം. ഉച്ചയ്ക്ക് മൂന്നുമണിക്കാണ് എം.എൻ. സ്മാരകത്തിൽ പോലീസ് കടന്നു കയറിയത്. അതിക്രൂരമായ ഈ പോലീസ് മർദ്ദനത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസ് സഭ വിട്ടു പുറത്തുപോയി.)

(സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

III ശ്രദ്ധക്ഷണിക്കൽ

(1) ഇന്ത്യൻ കാർഷിക മേഖല വിദേശനിക്ഷേപകർക്ക് തുറന്നുകൊടുത്താൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്: സർ, W.T.O. നിർദ്ദേശം സംബന്ധിച്ചാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുവാനുള്ളത്. ഇന്ത്യയുടെ കാർഷിക മേഖലയും വിദേശ നിക്ഷേപകർക്ക് തുറന്നുകൊടുക്കണമെന്ന് ലോകവ്യാപാര സംഘടന നിർദ്ദേശിച്ചിരിക്കുകയാണ്. ആഗോളവൽക്കരണ നയം അമിത താല്പര്യമെടുത്തു നടപ്പാക്കുന്ന കേന്ദ്ര സർക്കാർ ആ നിർദ്ദേശവും നടപ്പാക്കാൻ മടിക്കില്ലെന്നാണ് ഭയപ്പെടുന്നത്. ഇന്ത്യാ ഗവൺമെന്റ് അതിനു തയ്യാറായാൽ രാജ്യത്തെ കർഷകരുടെ ജീവിതവും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയും പാടേ തകരുമെന്നതിൽ സംശയമില്ല. ഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ച് കൃഷി സംസ്ഥാനങ്ങളുടെ പട്ടികയിൽപ്പെടുന്നതായിട്ടും കാർഷികമേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നിർണ്ണായകമായ W.T.O. കരാറിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളോട് ആലോചിച്ചില്ല. 1986 മുതൽ 1994 വരെ എട്ടുകൊല്ലക്കാലം ഗാട്ട് ഉടമ്പടിക്കുവേണ്ടി ഡങ്കൻ ഡ്രാഫ്റ്റ് കരട് രേഖ ലോകരാഷ്ട്രങ്ങൾ ചർച്ച ചെയ്തെങ്കിലും ഉടമ്പടി നിബന്ധനകളോ അതിന്റെ പ്രത്യാഘാതങ്ങളോ നമ്മുടെ നാട് ഗൗരവമായി ചർച്ച ചെയ്തിരുന്നില്ല. എന്നാൽ ചൈന പോലുള്ള ചില രാജ്യങ്ങൾ ദീർഘകാലം ചർച്ച ചെയ്ത് തങ്ങളുടെ നിബന്ധനകൾക്കു വിധേയമായി മാത്രമാണ് കരാർ ഒപ്പു വച്ചത്. റബ്ബർ കാർഷിക വസ്തു അല്ലെന്നും അത് ഇറക്കുമതി ചെയ്യുമ്പോൾ പരമാവധി 25 ശതമാനം ഡ്യൂട്ടിയെ ചുമത്താവൂ എന്നും W.T.O. കരാറിൽ വ്യവസ്ഥ ചെയ്യുകവഴി റബ്ബർ കർഷകരെ മൊത്തത്തിൽ തകർത്തുകളഞ്ഞു. പാമോലിൻ ഇറക്കുമതിയുടെ തോത് നാലു ലക്ഷം ടൺ എന്നത് ഇന്ന് സ്വതന്ത്രമായി ഇറക്കുമതി അനുവദിക്കുന്നതിന്റെ ഫലമായി 45 ലക്ഷം ടൺ ആകുകയും കേരളത്തിലെ നാളികേര കർഷകരെ ദുരിതത്തിലേക്ക് നയിക്കുകയും ചെയ്തു. റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയ്ക്ക് തുല്യമാക്കിയെങ്കിലും അതുകൊണ്ട് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര ഗുണനിലവാരമോ വിലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

തുല്യതയോ ഉണ്ടായിട്ടില്ല. അതിന്റെ ഫലമായി റബ്ബറിന് 55 രൂപ വില ഉണ്ടായിരുന്ന പ്പോഴുള്ളതിനേക്കാൾ കൂടിയ വില ടയറിന് ഇപ്പോൾ നൽകേണ്ട ഗതികേടിലാണ് നാം. കാപ്പിക്കുരുവിനു പതിന്മടങ്ങ് വില താഴ്ന്നെങ്കിലും കാപ്പിപ്പൊടിക്ക് വില കുറഞ്ഞില്ല. ലോക വ്യാപാര കരാർ ഒപ്പിടുമ്പോൾ ഗ്ളോബൽ വില്ലേജ് ഓഫർ ചെയ്തിരുന്നവർ അന്താരാഷ്ട്ര വിലയ്ക്ക് വളമോ കീടനാശിനിയോ ഒന്നും നൽകാതെ ഈ നാടിന്റെ വിപണി കൊള്ളയടിക്കുകയാണ്. നമ്മുടെ നാട്ടിലെ കാർഷിക ദുരിതങ്ങൾക്കും വിലയിടിവിനും പ്രധാന കാരണം ആഗോളവൽക്കരണ നയം തന്നെയാണ്. ഗാട്ടും പാറ്റന്റ് ട്രിപ്പ്സും ഡബ്ല്യു. റ്റി.ഒ.-യും ജി.എം.ഒ.-യും എല്ലാം ചേർന്ന് സൃഷ്ടിച്ച പുതിയ നയത്തിലൂടെ പാപ്പരായിത്തീർന്നത് കേരളത്തിലെ കൃഷിക്കാരാണ്. പ്രകൃതിദത്തമായ സാഹചര്യം ഉള്ളതുകൊണ്ടുതന്നെ കേരളത്തിലെ 80 ശതമാനം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. പുതിയ നയങ്ങളുടെ പ്രത്യാഘാതംമൂലം കർഷക സമൂഹം ജപ്തി നടപടികളെയും സാമ്പത്തിക ബാധ്യതകളെയും പട്ടിണിയെയും നേരിടാൻ ആവാതെ ആത്മഹത്യ ചെയ്യുന്ന നിലയിൽ എത്തിയിരിക്കുന്നു. W.T.O.-യുടെ നിർദ്ദേശത്തിനു വഴങ്ങിയാണ് സുഗന്ധദ്രവ്യങ്ങളുടെ നിയന്ത്രണം നീക്കാനും കാർഷിക കയറ്റുമതി മേഖലയുടെ നിയന്ത്രണം വൻകിട കമ്പനികൾക്ക് വിട്ടുകൊടുക്കുവാനും മൂന്നുമാസം മുമ്പ് സർക്കാർ തീരുമാനിച്ചത്. ടയർ ലോബിയുടെ സമ്മർദ്ദത്തിനുവഴങ്ങി ഇപ്പോൾ റബ്ബർ ഇറക്കുമതി നിരോധനം റദ്ദാക്കിയത് കേരളത്തിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ വിദേശനിക്ഷേപകർക്കായി നമ്മുടെ നാട്ടിലെ കാർഷിക മേഖല കൂടി തുറന്നുകൊടുത്താൽ ഈ നാടിന്റെ പ്രകൃതി വിഭവങ്ങൾ മുഴുവൻ ആഗോള കുത്തകകൾ ചൂഷണം ചെയ്യുകയും അവരോട് മൽസരിച്ച് പിടിച്ചുനിൽക്കാനാകാതെ കേരളത്തിലെ കർഷകർ ജീവിതത്തകർച്ചയിൽ എത്തുകയും ചെയ്യും. ഇതു സത്യമാണ്. അതോടെ നമ്മുടെ കാർഷികമേഖല ആഗോളകുത്തകയുടെ കയ്യിലാകും. ബാക്കിയെല്ലാം ഇപ്പോൾ ആയിട്ടുണ്ട്. ഇനി കാർഷികമേഖലയും ആകാൻ പോകുകയാണ്. ലോക വ്യാപാര കരാറുകളുടെ ഫലമായിട്ടുണ്ടായ വിലത്തകർച്ചയിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനാണ് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ഭരണകർത്താക്കൾ പ്രഥമ സ്ഥാനം നൽകിയിരുന്നത്. പഞ്ചാബിലെ കർഷകരുടെ ആവശ്യങ്ങൾ കേന്ദ്രത്തിൽനിന്ന് നേടിയെടുക്കുന്നതിന് കഴിഞ്ഞ വർഷം പഞ്ചാബ് മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിംഗ് പ്രധാനമന്ത്രിയുടെ വസതിക്കുമുമ്പിൽ പ്രതിഷേധപ്രകടനം നടത്തി അറസ്റ്റ് വരിക്കാൻ തയ്യാറായി. പ്രധാനമന്ത്രി കുമരകത്തുവന്നപ്പോൾ പ്രഖ്യാപിച്ച പാക്കേജ് പദ്ധതി ഒന്നു പോലും ഇതുവരെ നടപ്പാക്കിയിട്ടില്ല. കേരളത്തിലെ കൃഷിയെ അവഗണിച്ചുകൊണ്ട് സാമ്പത്തിക വളർച്ച സാധ്യമല്ല. കൃഷിയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന കേരളത്തിലെ 80 ശതമാനത്തോളം വരുന്ന ജനങ്ങളെ അതീവഗുരുതരമായി ബാധിക്കാൻ പോകുന്ന ഒരു പ്രശ്നമെന്ന നിലയിൽ ഡബ്ല്യു. റ്റി. ഒ.-യുടെ നിർദ്ദേശത്തിന് കേന്ദ്രം വഴങ്ങിക്കൂടാ എന്ന് കേരളം ഒറ്റക്കെട്ടായി ആവശ്യപ്പെടണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ ആവശ്യവുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരു ഔദ്യോഗിക പ്രമേയം കൊണ്ടുവന്ന് ഏകകണ്ഠമായി പാസ്സാക്കി കേന്ദ്രസർക്കാരിന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിനുവേണ്ടി കേരളാ മുഖ്യമന്ത്രി വേണ്ടിവന്നാൽ പഞ്ചാബ് മുഖ്യമന്ത്രിയെ പ്പോലെ പ്രധാനമന്ത്രിയുടെ വസതിക്കുമുമ്പിൽ സമരം നടത്താനും അറസ്റ്റു വരിക്കാനും തയ്യാറാകണമെന്നാണ് എന്റെ കാഴ്ചപ്പാട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആവശ്യമില്ലാത്ത കാര്യങ്ങളാണ് പറയുന്നത്. മുഖ്യമന്ത്രി പോയി അറസ്റ്റ് വരിക്കണമെന്നു പറഞ്ഞാൽ.....വേറെ നല്ല കാര്യം പറയൂ.....

ശ്രീ. പി. സി. ജോർജ്: സർ, അങ്ങനെ പറയരുത്. അങ്ങ് കൃഷിവകുപ്പ് മന്ത്രിയായിരുന്ന ആളല്ലേ? അന്തർദ്ദേശീയ നയങ്ങളിൽ നിന്ന് നമുക്ക് മാറിനിൽക്കാൻ ആകുകയില്ലെങ്കിലും ഈ നയങ്ങൾ മൂലം നമുക്ക് നേരിടേണ്ടിവരുന്ന തിരിച്ചടിയുടെ പശ്ചാത്തലത്തിൽ നീതിപൂർവ്വകമായ ഒരു വളർച്ചയ്ക്ക് സ്വാശ്രയത്വം മാത്രമാണ് പരിഹാരം. കൃഷിയേയും വ്യവസായത്തേയും പരസ്പരബന്ധിതമായ വികസനത്തിലൂടെ സന്തുലിതവും സമ്പന്നവും സമസ്താധിഷ്ഠിതവുമായ സാമൂഹ്യവികസനത്തിന് വഴി തെളിയിക്കുകയേയുള്ളൂ. വിപണിക്കനുസരിച്ച് രൂപപ്പെടുത്തിയ ആഗോളപരിഷ്കാര നയങ്ങൾ നടപ്പിലാക്കി നാടിന്റെ ദരിദ്രവൽക്കരണം പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. കർഷകരുടെ ജീവിതം ദുരിതപൂർണ്ണമാകുകയാണ്. ഈ പശ്ചാത്തലത്തിൽ നാടിന്റെ രക്ഷയ്ക്ക് സ്വാശ്രയ വികസനം മാത്രമാണ് ഏക പോംവഴി. കർഷകരുടെ രക്ഷ നാടിന്റെ രക്ഷയാണെന്ന് മനസ്സിലാക്കി വിദേശനിക്ഷേപകർക്ക് കാർഷികമേഖല തുറന്നുകൊടുക്കാനുള്ള ഡബ്ല്യു.റ്റി.ഒ.-യുടെ നിർദ്ദേശം ഒരു കാരണവശാലും അനുവദിക്കാൻ പാടില്ലെന്ന് കേരള സർക്കാരും ഈ സഭയും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ശ്രീ. ജോർജ് വായിച്ചത് എന്തോ തെറ്റിദ്ധാരണയിൽ നിന്നുകൊണ്ടാണ്. അങ്ങനെയൊരു നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. കേന്ദ്രഗവൺമെന്റും അംഗീകരിച്ചിട്ടില്ല. ഭാരതം
[10 A.M.] പല മേഖലകളിലും വിദേശനിക്ഷേപം അനുവദിച്ചുവരുന്നു. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട കാർഷിക മേഖലയിൽ വിദേശനിക്ഷേപം നാളിതുവരെ അനുവദിച്ചിട്ടില്ല. W.T.O.-യുമായി ബന്ധപ്പെട്ട് വിദേശനിക്ഷേപ ഉടമ്പടി ദോഹയിൽ നടന്ന മിനിസ്റ്റീരിയൽ യോഗത്തിൽ ചർച്ച ചെയ്തുവെങ്കിലും അതു സംബന്ധിച്ച് തീരുമാനം ആകാത്തതിനാൽ 2003 സെപ്റ്റംബറിൽ മെക്സിക്കോയിൽ നടക്കാൻ പോകുന്ന അടുത്ത ഉന്നതതല യോഗത്തിൽ ചർച്ചകൾക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. കാർഷികമേഖലയിൽ വിദേശനിക്ഷേപം അനുവദിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ വിദേശനിക്ഷേപങ്ങളുടെ ദോഷങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്, അധികവരുമാനം, തൊഴിൽ സാധ്യതകൾ എന്നിവ ഉറപ്പുവരുത്തുന്ന മേഖലകളിൽ വിദേശനിക്ഷേപം അനുവദിക്കുകയാണെങ്കിൽ ചിലപ്പോൾ ഗുണകരമായിരിക്കും. അതിന്റെ വ്യവസ്ഥകൾ പരിശോധിച്ചു മാത്രമേ തീരുമാനിക്കാൻ പറ്റുകയുള്ളൂ. എന്നാൽ പല വിദേശനിക്ഷേപകർക്കും നികുതിയിളവ്, ഉദാരവ്യവസ്ഥയിൽ സ്ഥലമെടുപ്പ് തുടങ്ങിയ സൗജന്യങ്ങൾ അനുവദിച്ചുകൊണ്ട് നിക്ഷേപങ്ങൾ നടത്താൻ അനുവദിച്ചാൽ രാജ്യത്തിലെ സാധാരണ ജനങ്ങൾക്ക് ആഹാരം, ഭൂമി എന്നിവയുടെ സുരക്ഷിതത്വം പോലും അപകടപ്പെടാൻ സാധ്യതയുണ്ട്. കാർഷിക മേഖലയിൽ വിദേശനിക്ഷേപം അനുവദിക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തിന്റെ വിവിധ തരത്തിലുള്ള മൂല്യങ്ങൾ ഒരു തരത്തിലും ചൂഷണം ചെയ്യപ്പെടുന്നില്ലായെന്ന് ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

വരുത്തേണ്ടതുണ്ട്. ആ രീതിയിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. അതോടൊപ്പം ഗുണവശങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. ഈ രീതിയിൽ വിദേശനിക്ഷേപം കാർഷിക മേഖലയിൽ അനുവദിക്കുകയാണെങ്കിൽ അതിന്റെ ഗുണദോഷവശങ്ങൾ കേരളത്തിലെ കാർഷിക മേഖലയേയും ബാധിക്കുന്നതാണ്. കാർഷിക മേഖലയിലെ വിദേശനിക്ഷേപം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിലപാടും വിശദാംശങ്ങളും അറിഞ്ഞശേഷം മാത്രമേ കൂടുതലായി എന്തെങ്കിലും പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. സി. ജോർജ്: സർ, ദോഹ ചർച്ചയിൽ വളരെ വ്യക്തമായി റബ്ബർ കാർഷിക കോൽപ്പന്നമാക്കണമെന്ന് നമ്മൾ പറഞ്ഞു. അവർ തയ്യാറായില്ല. കേന്ദ്രസർക്കാർ അംഗീകരിച്ചു എന്ന വാദഗതി എനിക്കില്ല. W.T.O.-യുടെ ഇപ്പോഴത്തെ നിർദ്ദേശങ്ങളിലാണ് കാർഷിക മേഖല വിദേശനിക്ഷേപകർക്ക് തുറന്നുകൊടുക്കണമെന്നുള്ളത്. W.T.O.-യുടെ ഈ നിർദ്ദേശം കേരളത്തിൽ നടപ്പാക്കുന്ന സാഹചര്യം ഉണ്ടായാൽ കേരളത്തിലെ കാർഷിക മേഖല തകരുമെന്നുള്ളത് ആർക്കും സംശയമില്ലാത്ത സ്ഥിതിക്ക് കേന്ദ്ര ഗവൺമെന്റിൽ ഈ വിഷയം ശക്തമായി ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഭയുടെ നിർദ്ദേശം കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: മുഖ്യമന്ത്രിയോട് ചോദിക്കാനുള്ള ചോദ്യമാണ് അദ്ദേഹം പറഞ്ഞത്. കേരളാ ഗവൺമെന്റ് ഏതു ഗവൺമെന്റിനേക്കാളും ആദ്യം, ദോഹ കോൺഫറൻസ് നടക്കുന്നതിനുമുമ്പുതന്നെ, കേരളാ ഗവൺമെന്റിന്റെ അഭിപ്രായവും W.T.O.-യുടെ കമ്മീഷൻ എടുക്കേണ്ട നടപടികളെ സംബന്ധിച്ചും അറിയിച്ചു. നിങ്ങൾ ചെയ്യാനുള്ളത് ആണ് എഗ്രിമെന്റ് ഓൺ അഗ്രിക്കൾച്ചർ, അത് മനസ്സിലാക്കേണ്ടേ? 1995-ൽ ഒപ്പുവച്ചതാണ്. 1996 മുതൽ 2001 വരെ ഭരിക്കുന്ന ഒരു ഗവൺമെന്റ് ഉണ്ടായിരുന്നു. ഒരക്ഷരം മിണ്ടിയില്ല. ഇപ്പോൾ ഒരു പുതിയ കണ്ടുപിടുത്തംപോലെ പറയുന്നു. ഈ ഗവൺമെന്റും കേന്ദ്രഗവൺമെന്റും അംഗീകരിച്ചിട്ടില്ല. വിദേശനിക്ഷേപം കാർഷിക മേഖലയിൽ വരുത്തേണ്ടതിന് എഗ്രിമെന്റ് ആയിട്ടില്ല. ചർച്ച മാറ്റിവച്ചിരിക്കുകയാണ്. ദോഹയിൽ നടന്ന ചർച്ചയിൽ തീരുമാനമായിട്ടില്ല. അടുത്ത് മെക്സിക്കോയിൽ നടക്കുന്ന ചർച്ചയിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. അതു മാറ്റിവച്ച സ്ഥിതിക്ക് ഇത് നടന്നുകഴിഞ്ഞു എന്നുള്ള ധാരണയിൽ പറയുകയാണ്. റബ്ബർ നേരത്തെതന്നെ കാർഷികോല്പന്നമല്ല, വ്യവസായോല്പന്നമായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. പുതുതായി കാർഷികോല്പന്നം ആയിട്ട് അംഗീകരിക്കണമെന്നുള്ള നിലയിൽ ഈ ഗവൺമെന്റ് പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ W.T.O. കരാറിൽ വാദിച്ചുനോക്കി. W.T.O. കരാർ അംഗീകരിച്ചിട്ടില്ല. അതാണുണ്ടായത്. അതിനുമുമ്പ് കാർഷികോല്പന്നമല്ല, വ്യവസായോല്പന്നമാണ്. റബ്ബറും കയറും അങ്ങനെയാണ്. ഇത് രണ്ടും കാർഷികോല്പന്നമാക്കി മാറ്റുമെങ്കിലേ നമുക്ക് നികുതിയും ബാക്കി കാര്യങ്ങളും സംബന്ധിച്ചുള്ള ആനുകൂല്യം കിട്ടുകയുള്ളൂ. ഈ ഗവൺമെന്റ് പോയി അന്നത്തെ കമേഴ്സ്യൽ മിനിസ്റ്ററുമായി സംസാരിച്ചു. ചർച്ചയ്ക്കു പോയപ്പോൾ അത് ഉന്നയിക്കുകയും ചെയ്തു. രണ്ടു പ്രാവശ്യം ഉന്നയിച്ചെങ്കിലും അംഗീകരിച്ചിട്ടില്ല. അതുകഴിഞ്ഞ് ഇപ്പോൾ വന്നു. അതും അംഗീകരിച്ചിട്ടില്ല. പത്രത്തിൽ കാണുന്നത് വച്ച് വർത്തമാനം പറയരുത്. ഈ ഗവൺമെന്റിന് കാർഷിക മേഖലയിൽ വിദേശനിക്ഷേപം വരുത്തുന്നതിനുള്ള ഉപാധികൾ എന്തായിരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളത് സംബന്ധിച്ച് വലിയ നിർബന്ധമുണ്ട്. അതുകൊണ്ട് വിദേശ മുതലാളികൾ കാർഷിക മേഖലയിൽ നിക്ഷേപം നടത്താൻ തയ്യാറായി വന്ന ആരുമായിട്ടും ഗവൺമെന്റ് ചർച്ച ചെയ്തിട്ടില്ല. കാർഷിക മേഖലയിൽ ചർച്ച ചെയ്യാൻ തയ്യാറായിട്ടില്ല. അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ കേന്ദ്രഗവൺമെന്റ് അംഗീകരിക്കുകയോ തള്ളുകയോ ചെയ്തുകഴിഞ്ഞശേഷം മാത്രമേ ഈ ഗവൺമെന്റ് അതിനെപ്പറ്റി ആലോചിക്കുകയുള്ളൂ. റബ്ബറിന്റെ കാര്യം നിങ്ങളൊക്കെയിരുന്നപ്പോൾ ഇത് വ്യവസായ ഉല്പന്നമാണ്, അന്ന് കാർഷികോല്പന്നമാക്കി മാറ്റാൻ ആരും ആലോചിച്ചില്ല. ഈ ഗവൺമെന്റ് ആണ് അപേക്ഷിച്ചത്. അത് W.T.O. അംഗീകരിച്ചില്ല. അതാണുള്ളത്.

(2) റോഡുകളിൽക്കൂടി കന്നുകാലികളെ കൂട്ടത്തോടെ നടത്തി കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേരളത്തിൽ പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങളിലുള്ള.....(ബഹളം).....

മി. സ്പീക്കർ: What is this Mr. P. C. George? Don't make noise. That is not fair. ഇവിടെ വേറെ നടപടിക്രമങ്ങൾ നടക്കുകയാണ്. Don't compel me to ask you to get out.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രത്യേകിച്ചും കേരളത്തിലെ സ്റ്റേറ്റ് ബോർഡറുകളിലുള്ള പഞ്ചായത്തുകളാണെങ്കിലും മുനിസിപ്പാലിറ്റിയാണെങ്കിലും കേരളത്തിലുടനീളം ഏറ്റവും പ്രയാസപ്പെട്ട ഒരു കാര്യമാണ് കന്നുകാലികളെ റോഡിൽക്കൂടി നടത്തിക്കൊണ്ടു പോകുന്നത്. തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നും കൊണ്ടുവരുന്ന കന്നുകാലികൾ റോഡിൽക്കൂടി ഒന്നിച്ചു കൊണ്ടുപോകുന്ന സന്ദർഭത്തിൽ.....

മി. സ്പീക്കർ: Smt. Mercy Ravi, Why do you go there and make noise? ഇവിടെ സംസാരിക്കുന്നതിന് തടസ്സമുണ്ടാകുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: നൂറു കണക്കിന് കന്നുകാലികളെ ഒന്നിച്ചുകൊണ്ടു പോകുന്നതുകൊണ്ട് കാൽനടയാത്രക്കാർക്ക്, അതുപോലെ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് പ്രത്യേകിച്ചും വിദ്യാലയങ്ങളിൽ പോകുന്ന കൊച്ചുകുഞ്ഞുങ്ങൾക്ക് വളരെയധികം പ്രയാസങ്ങളുണ്ട്. കൊച്ചു കുഞ്ഞുങ്ങൾ ഏറ്റവുമധികം പ്രയാസത്തോടുകൂടിയാണ് ഈ സാഹചര്യത്തിൽ റോഡിൽക്കൂടി നടന്നുപോകുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ പ്രശ്നമായി വന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലം പോലെ അതിർത്തികളിൽ കിടക്കുന്ന നിയോജകമണ്ഡലങ്ങളിലാണ് ഇത് ഏറ്റവും കൂടുതൽ പ്രയാസമുണ്ടാക്കുന്നത്. തമിഴ്നാട്ടിൽനിന്നും നൂറു കണക്കിനാണ് കന്നുകാലികളെ കൊണ്ടുവരുന്നത്. റോഡുകൾ തടയുന്നു, വാഹനങ്ങൾക്കു പോകാൻ കഴിയുന്നില്ല. ആളുകൾക്ക് നടന്നുപോകാൻ കഴിയുന്നില്ല എന്നുള്ള സാഹചര്യം നിലനിൽക്കുന്നു. നമ്മുടെ സംസ്ഥാനത്താണെങ്കിൽ 1992-ൽ

LIBRARY ARCHIVES Kerala Legislative Assembly